പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 380 | 29. 06. 2016 ൽ മറുപടിക്ക്

## വൈദ്യുതി ചാർജ് വർദ്ധനവും കുടിശികയും

ചോദ്യം

ശ്രീ. പി.കെ.ശശി.

ഉത്തരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 2006-11-ലെ എൽ.ഡി.എഫ് സർക്കാർ 5 വർഷം കൊണ്ട് എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചു; | (എ) 218.85 മെഗാവാട്ട് |
| (ബി) 2011-16 യു.ഡി.എഫ്. സർക്കാർ 5 വർഷം കൊണ്ട് എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചു; | (ബി) 57.92 മെഗാവാട്ട് . |
| (സി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എത്ര തവണ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു ; നിരക്ക് വർദ്ധനയ്ക്ക് പുറമേ എത്ര തവണ സർച്ചാർജ് ഏർപ്പെടുത്തി; എത്ര തുക വീതമാണ് ഓരോ ഇനത്തിലും വർദ്ധിപ്പിച്ചത് എന്ന് വ്യക്തമാക്കുമോ; | (സി) വൈദ്യുതി ചാർജ്ജ് മൂന്നു തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. 4 തവണ ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി കൊടുത്തിരിക്കുന്നു. |
| (ഡി) കഴിഞ്ഞ 5 വർഷം കൊണ്ട് വൈദ്യുതി ചാർജ് എത്ര ഇരട്ടി വർദ്ധിപ്പിച്ചുവെന്നാണ് കണക്കാക്കുന്നത്; | (ഡി) 2012-13 സാമ്പത്തിക വർഷത്തിൽ 01.07.2012 മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് പരിഷ്കരണത്തിലൂടെ 24% വർദ്ധനവും, 2013-14 സാമ്പത്തിക വർഷത്തിൽ 01.05.2013 മുതൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ 9.1% വർദ്ധനവും, 2014-15 സാമ്പത്തിക വർഷത്തിൽ 16.08.2014 മുതൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ 6.7% വർദ്ധനവും വൈദ്യുതി ചാർജ്ജിനത്തിൽ ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. |
| (ഇ) 2006-11-ലെ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ഇ.ബി.യ്ക്ക് കിട്ടേണ്ട കുടിശ്ശിക തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ഇ) 1191.01 കോടി രൂപ. |

| | |
|---|---|
| (എഫ്) 2011-16-ലെ യു.ഡി.എഫ് സർക്കാർ അധികാരമൊഴിഞ്ഞപ്പോൾ ബോർഡിന് പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക തുക എത്ര എന്ന് വ്യക്തമാക്കുമോ; | (എഫ്) 1796.63 കോടി രൂപ. |
| (ജി) 2006-11-ലെ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടം എത്ര തുക എന്നും 2011-16-ലെ യു.ഡി.എഫ് സർക്കാർ അധികാരമൊഴിയുമ്പോൾ നഷ്ടം എത്ര തുക എന്നും വ്യക്തമാക്കുമോ? | (ജി) 2010-11 സാമ്പത്തിക വർഷത്തെ നഷ്ടം 988.91 കോടി രൂപയും 2015-16 താത്കാലിക കണക്ക് പ്രകാരമുള്ള നഷ്ടം 313.29 കോടി രൂപയുമാണ്. 2015-16 വർഷത്തെ മേൽ നഷ്ടത്തിനൊപ്പം 542.5 കോടി രൂപയുടെ R &E കൂടി ഉൾപ്പെട്ടുത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്